# പത്രക്കുറിപ്പ്

ഹയർസെക്കന്ററി ഉത്തരക്കടലാസുകളുടെ മൂല്യനിർണ്ണയത്തിൽ ഉത്തരക്കടലാസുകളിൽ മാർക്ക് ഇടുവാൻ പാടില്ല എന്ന നിർദ്ദേശം പുറപ്പെടുവിച്ചതുമായി ബന്ധപ്പെട്ട് തെറ്റിദ്ധാരണാജനകമായ റിപ്പോർട്ടുകൾ ചില പത്രങ്ങളിൽ പ്രസിദ്ധീകരിച്ചതുമായി ബന്ധപ്പെട്ട് താഴെ പറയുന്ന വിശദീകരണം പുറപ്പെടുവിക്കുന്നു.

ഇരട്ടമൂല്യനിർണ്ണയം നടത്തുന്ന ഫിസിക്സ്, കെമിസ്ട്രി, മാത്തമാറ്റിക്സ് എന്നീ വിഷയങ്ങൾക്ക് 2011 മുതൽ ഇത് ബാധകമാക്കിയിട്ടുള്ളതാണ്. മറ്റ് വിഷയങ്ങൾക്കുകൂടി ഈ വർഷം മുതൽ ഇത് ബാധകമാക്കുകയാണ്. സാധാരണയായി ഉത്തരക്കടലാസുകളിൽ മാർക്ക് ഇടേണ്ടത് മാർജിനുള്ളിൽ മാത്രം ഒതുങ്ങിനിൽക്കത്തക്ക രീതിയിലാണ്. എന്നാൽ പലപ്പോഴും അധ്യാപകർ ഉത്തരം മറയ്ക്കുന്ന രീതിയിൽ മാർക്ക് ഇടുന്ന പ്രവണത കൂടി വരികയാണ്. പുനർമൂല്യനിർണ്ണയത്തിനായി ഉത്തരക്കടലാസുകൾ എടുക്കുമ്പോൾ ആദ്യം മൂല്യനിർണ്ണയം നടത്തിയ മാർക്ക് മറച്ചതിന് ശേഷമാണ് നൽകുന്നത്. എന്നാൽ ഉത്തരം മറയ്ക്കുന്ന രീതിയിൽ മാർക്ക് ഇടുമ്പോൾ ആദ്യം നൽകിയ മാർക്ക് മറച്ചുവക്കുവാൻ സാധിക്കാതെ വരുന്നു. ഇതുമൂലം ഉത്തരക്കടലാസ്സുകൾ പുനർമൂല്യനിർണ്ണയം ചെയ്യപ്പെടാതെ പഴയ മാർക്ക് തന്നെ നൽകിവരുന്നതായി ധാരാളം പരാതികൾ ലഭിക്കുകയും ഇവ പരിശോധിക്കുമ്പോൾ ആരോപണങ്ങളിൽ ചില വസ്തുതകൾ ഉള്ളതായും വകുപ്പിന് ബോധ്യപ്പെടുന്നു.

ബഹുമാനപ്പെട്ട ലോകായുക്ത പുനർമൂല്യനിർണ്ണയം കുറ്റമറ്റതായി നടപ്പിലാക്കുന്നതിൽ മാർക്ക് മറയ്ക്കൽ പ്രക്രിയ ഫലപ്രദമാകുന്നില്ല എന്ന് പരാമർശിക്കുകയും ഫലപ്രദമായ മറ്റു മാർഗ്ഗങ്ങൾ സ്വീകരിക്കുവാൻ നിർദ്ദേശിക്കുകയും ചെയ്തിട്ടുണ്ട്.

കൂടാതെ, പുനർമൂല്യനിർണ്ണയത്തിന് ഏകദേശം നാൽപതിനായിരത്തോളം അപേക്ഷകൾ ഓരോ വർഷവും ലഭിക്കും. കൂടാതെ ആദ്യ മാർക്കുകൾ ഫലപ്രദമായി മായ്ക്കുവാൻ കഴിയാത്തതിനാൽ മാർക്ക് വെളിപ്പെടുന്നതായുള്ള ആക്ഷേപവും പുനർമൂല്യനിർണ്ണയ വേളയിൽ ഉണ്ടാകാറുണ്ട്. മാർക്ക് മായ്ക്കൽ

പ്രക്രിയ ഒഴിവാക്കിയാൽ പുനർമൂല്യനിർണ്ണയ ഫലപ്രഖ്യാപനം സമയബന്ധിതമായി പൂർത്തിയാക്കുവാൻ സാധിക്കും.

ഇതിനെതിരെ ഉയർന്നിട്ടുള്ള പ്രധാന ആക്ഷേപം പിരിവുകളുള്ള ചോദ്യങ്ങൾക്ക് മാർക്കിടുന്നതിനുള്ള വിഷമമാണ്. പിരിവുകളുള്ള ചോദ്യങ്ങൾക്ക് മാർക്കിടുന്നതിന് ഓരോ പ്രധാന ചോദ്യനമ്പറുകൾക്കും അഞ്ചുകോളങ്ങൾ വീതം ഫെയ്സിംങ് ഷീറ്റിൽ ലഭ്യമാണ്. ഈ സാഹചര്യത്തിൽ മൂല്യനിർണ്ണയവും പുനർമൂല്യനിർണ്ണയവും കൂടുതൽ കുറ്റമറ്റതാക്കുവാൻ വേണ്ടി ബഹു. ലോകായുക്തയുടെ നിർദ്ദേശം കൂടി പരിഗണിച്ചാണ് മൂല്യനിർണ്ണയ മാർക്കുകൾ ഉത്തരക്കടലാസ്സിലെ ഫെയ്സിംങ് ഷീറ്റിൽ രേഖപ്പെടുത്തുന്നതിനുള്ള നിർദ്ദേശം നൽകിയിട്ടുള്ളത്.

തിരുവനന്തപുരം
26/03/2015

**ഡോ.കെ.മോഹനകുമാർ**
സെക്രട്ടറി,
**ബോർഡ് ഓഫ് ഹയർസെക്കന്ററി**
**എക്സാമിനേഷൻസ്, കേരളം.**

DIRECTORATE OF HIGHER SECONDARY EDUCATION
Thiruvananthapuram
Date..........